പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3150 | 20.06.2014 ലെ മറുപടിയ്ക്ക്

## നാശം സംഭവിക്കുന്ന വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷിനാശം സംഭവിക്കുമ്പോൾ വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഓരോ വിളകൾക്കും എപ്രകാരമാണെന്ന് വിശദമാക്കാമോ; | (എ) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് നഷ്ടപരിഹാരം നൽകുന്നുണ്ട്. ഓരോ വിളയ്ക്കും നൽകിവരുന്ന നഷ്ടപരിഹാരത്തുക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഈ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;<br>(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) & (സി) കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ധനസഹായം നൽകുന്നത്. നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക 2012 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ പുനർനിർണ്ണയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വിള | നഷ്ടപരിഹാരത്തുക (രൂപയിൽ) |
|---|---|
| നെല്ല് (ഹെക്ടർ) | 10000 |
| തെങ്ങ് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 700 |
| തെങ്ങ് (കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 350 |
| തെങ്ങ് (ഒരു വർഷം വരെ പ്രായമായത്) ഒരെണ്ണത്തിന് | 100 |
| വാഴ (കുലച്ചത്) ഒരെണ്ണത്തിന് | 100 |
| വാഴ (കുലയ്ക്കാത്തത്) ഒരെണ്ണത്തിന് | 75 |
| റബ്ബർ (ടാപ്പ് ചെയ്യുന്നത്) ഒരെണ്ണത്തിന് | 300 |
| റബ്ബർ (ടാപ്പ് ചെയ്യാത്തത്) ഒരെണ്ണത്തിന് | 200 |
| കശുമാവ് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 150 |
| കശുമാവ് (കായ്ഫലമില്ലാത്തത്/ മൂന്നു വർഷത്തിനു മുകളിൽ പ്രായമായത്) ഒരെണ്ണത്തിന് | 100 |
| കമുക് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 150 |
| കമുക് (കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 100 |
| കൊക്കോ (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 100 |
| കാപ്പി (ഒരെണ്ണത്തിന്) | 100 |
| കുരുമുളക് (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 75 |
| ഇഞ്ചി (10 സെന്റിന്) | 150 |
| മഞ്ഞൾ (10 സെന്റിന്) | 120 |
| മരച്ചീനി (25 സെന്റിന്) | 150 |
| നിലക്കടല (ഹെക്ടറിന്) | 2000 |
| എള്ള് | 1200 |
| പച്ചക്കറി (10 സെന്റിന്) | 200 |
| ജാതി (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 400 |
| ജാതി (കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 150 |
| ഗ്രാമ്പു (കായ്ഫലമുള്ളത്) ഒരെണ്ണത്തിന് | 200 |
| ഗ്രാമ്പു(കായ്ഫലമില്ലാത്തത്) ഒരെണ്ണത്തിന് | 100 |
| ഏലം (ഹെക്ടറിന്) | 2500 |
| വെറ്റിലക്കൊടി (ഒരു സെന്റിന്) | 300 |
| പയർവർഗ്ഗങ്ങൾ (ഒരു ഹെക്ടറിന്) | 1000 |
| കിഴങ്ങുവിളകൾ (ചേമ്പ്, ചേന തുടങ്ങിയവ) (10 സെന്റിന്) | 150 |
| കരിമ്പ് (ഹെക്ടറിന്) | 2500 |
| കൈതച്ചക്ക (10 സെന്റിന്) | 750 |
| തീറ്റപ്പുല്ല് (10 സെന്റിന്) | 150 |
| മൾബറി (50 സെന്റിന്) | 750 |
| പുകയില (10 സെന്റിന്) | 1500 |
| പരുത്തി (10 സെന്റിന്) | 300 |

(signature)

സെക്ഷൻ ഓഫീസർ